(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുന്നുപ്രാവശ്യം (1-7-2012 മുതലും 1-5-2013 മുതലും 16-8-2014 മുതലും) സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ വൈദ്യുതി നിരക്കുകൾ പരിഷ്കരിച്ചിട്ടുണ്ട്. ഓരോ തവണയും വർദ്ധിപ്പിച്ച തുക അനുബന്ധം II ആയി കൊടുത്തിരിക്കുന്നു.*

വൈദ്യുതി ചാർജ്ജ് ഒടുക്കുന്നതിന് ഓൺലൈൻ സംവിധാനം

3 (348) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എല്ലാ ഉപഭോക്താക്കൾക്കും വൈദ്യുതി ചാർജ്ജ് ഒടുക്കുന്നതിന് ഓൺലൈൻ സംവിധാനം ലഭ്യമാണോ ;

(ബി) ഇല്ലെങ്കിൽ എത്ര സെക്ഷനുകളിൽ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തേണ്ടതായിട്ടുണ്ട് ;

(സി) എല്ലാ ഉപഭോക്താക്കൾക്കും വൈദ്യുതി ചാർജ്ജ് ഓൺലൈനായി ഒടുക്കുന്നതിന് സഹായകമായ സംവിധാനം ഒരുക്കുമോ ?

ഉത്തരം

(എ-സി) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ മുഴുവൻ വൈദ്യുതി ഉപഭോക്താക്കൾക്കും വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം ലഭ്യമാക്കിയിട്ടുണ്ട്.

വൈദ്യുതി ഉൽപ്പാദനവും പ്രസരണ നഷ്ടവും

4 (349) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരമേറ്റതിനുശേഷം എത്ര കോടി രൂപയുടെ വൈദ്യുതി പുതുതായി ഉൽപാദിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ പ്രസരണ നഷ്ടംവഴി എത്ര കോടി രൂപയുടെ വൈദ്യുതിയാണ് പാഴായി പോകുന്നതെന്നും വ്യക്തമാക്കാമോ ?

ഉത്തരം

31-5-2015-ലെ കണക്ക് പ്രകാരം കെ.എസ്.ഇ.ബി.യുടെ കീഴിൽ പുതുതായി കമ്മീഷൻ ചെയ്ത 4 ജലവൈദ്യുത പദ്ധതികളിൽ നിന്നായി 36.994 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. ശരാശരി വില 3.50 യൂണിറ്റ് പ്രകാരം 12.95 കോടി രൂപയുടെ വൈദ്യുതി ഉൽപ്പാദിപ്പിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly